12570
6/6/17

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മൈലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. ഷറഫുദ്ദീനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1793/2017/തസ്വഭവ    തീയതി, തിരുവനന്തപുരം, 31.05.2017

=====================================================================

പരാമർശം: 1. ഗ്രാമവികസന കമ്മീഷണറുടെ 23.03.2010-ലെ 23990/എം.ജി.എൻ.ആർ.ഇ.ജി. സെൽ.3/09/സി.ആർ.ഡി. നമ്പർ കത്ത്

2. സർക്കാരിന്റെ 26.12.2013-ലെ 43515/ഇപിബി2/2010/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

3. ശ്രീ. ഷറഫുദ്ദീൻ സമർപ്പിച്ച 29.05.2014-ലെ പ്രതിവാദ പത്രിക

4. പഞ്ചായത്ത് ഡയറക്ടറുടെ 04.02.2015-ലെ ഡി6-1711/2011 നമ്പർ കത്ത്

## ഉത്തരവ്

ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനെതിരെ മൈലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.എം. ഷറഫുദ്ദീനെതിരെ നടപടി സ്വീകരിക്കണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടെത്തിയിരുന്നു.

1. മൈലം ഗ്രാമപഞ്ചായത്തിലെ MNREGS പദ്ധതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കാതെയും ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭ്യമാക്കാതെയും പ്രവർത്തികൾ നടപ്പിലാക്കി.
2. മിക്ക പ്രവൃത്തികൾക്കും മസ്റ്റർ റോളിന് പകരം നോട്ട്ബുക്കിൽ തൊഴിലാളികളെക്കൊണ്ട് ഒപ്പിട്ടുവിച്ചു. പല മസ്റ്റർ റോളുകളും അപൂർണ്ണമായിരുന്നു.
3. പ്രവൃത്തി തുടരുന്നതിന് മുമ്പായി തൊഴിലാളികളുടെ വാർഡ് തല യോഗം വിളിച്ചു കൂട്ടുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യാറുണ്ടായിരുന്നില്ല
4. പല പ്രവൃത്തികളുടേയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായല്ല പ്രവൃത്തികൾ നടന്നിരുന്നത്.
5. MNREGS മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ചുള്ള അജ്ഞത പദ്ധതി നടത്തിപ്പിനെ ബാധിച്ചിട്ടുണ്ട്. ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് എഞ്ചിനീയർ, മേറ്റുമാർ എന്നിവരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുണ്ട്. ടി കാലയളവിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ ജോലിയിൽനിന്ന് വിട്ടുപോയിട്ടുള്ളതാണ്.

എം.ജി.എൻ.ആർ.ഇ.ജി.എസ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി പ്രവൃത്തികൾക്ക് മേൽനോട്ടം വഹിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യേണ്ട ശ്രീ. ഷറഫുദ്ദീന്റെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതിനാൽ ടിയാനെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ തീരുമാനിക്കുകയും ടിയാൻ 31/10/2010-ൽ സേവനത്തിൽനിന്ന് വിരമിച്ചതിനാൽ കെ.എസ്.ആർ.

ഭാഗം 3 ചട്ടം 3 പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്ന് 500/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവു ചെയ്യാൻ താല്ക്കാലിക തീരുമാനമെടുത്ത് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നല്കുകയും ചെയ്തു.

ടി കാരണംകാണിക്കൽ നോട്ടീസിന് ശ്രീ. ഷറഫുദ്ദീൻ പരാമർശം (3) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ താൻ മൈലം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി നോക്കിയിരുന്ന സമയത്ത് തൊഴിലുറപ്പ് പദ്ധതി പ്രകരം ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും വാങ്ങി എസ്റ്റിമേറ്റ് തയ്യാറാക്കിയാണ് പണി തുടങ്ങിയിട്ടുള്ളതെന്നും എല്ലാ പ്രവൃത്തികൾക്കും മസ്റ്റർ റോൾ തന്നെയാണ് ഉപയോഗിച്ചിട്ടുള്ളതെന്നും, ബ്ലോക്കിൽനിന്നും ടി രജിസ്റ്റർ ലഭിക്കാൻ താമസിച്ചതിനാൽ താല്ക്കാലികമായി ഒരു ദിവസത്തേയ്ക്ക് നോട്ട്ബുക്ക് ഉപയോഗിക്കുകയും ഉടൻതന്നെ അത് മസ്റ്റർ റോളിലേയ്ക്ക് മാറ്റിയിട്ടുള്ളതാണെന്നും പൂർണ്ണമായ മസ്റ്റർ റോളുകളും അനുമതികളും വച്ചുമാത്രമേ ബാങ്കിലേയ്ക്ക് തുക അയച്ചു കൊടുത്തിട്ടുള്ളൂ എന്നും ടിയാൻ അറിയിക്കുകയുണ്ടായി. പ്രവൃത്തികൾ തുടങ്ങുന്നതിന് മുമ്പ് വാർഡ് മെമ്പർ, പ്രസിഡന്റ്, അക്രഡിറ്റഡ് എഞ്ചിനീയർ, സെക്രട്ടറി തുടങ്ങിയവർ സ്ഥലത്ത് തൊഴിലാളികളെ വിളിച്ചുകൂട്ടി മാർഗ്ഗനിർദ്ദേശം നല്കുകയും ആയത് മിനിട്സ് ചെയ്ത് സൂക്ഷിക്കുകയും ചെയ്തിട്ടുണ്ടെന്നും താൻ മൈലം ഗ്രാമപഞ്ചായത്തിൽ ജോലിചെയ്തുവന്ന സമയം തൊഴിലാളികൾ തമ്മിലുണ്ടായ പ്രശ്നത്തിൽ ഉണ്ടായ പരാതിയെക്കുറിച്ച് അന്വേഷിക്കാൻ ബി.ഡി.ഒ. തുടങ്ങിയവർ ഓഫീസിലും തൊഴിൽ സ്ഥലത്തും നേരിട്ടുവരികയും പരാതികൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നുവെന്നും, എല്ലാ പ്രവൃത്തികളും ബി,ഡി.ഒ.യോ ചുമതലപ്പെടുത്തിയിട്ടുള്ള ആളോ നേരിട്ട് പരിശോധിക്കുകയും ചെയ്തിട്ടുണ്ടെന്നും ഇത്തരത്തിലുള്ള കുറ്റം അവർ ആരോപിച്ചിട്ടില്ല എന്നും താൻ മൈലം പഞ്ചായത്തിൽനിന്ന് സ്ഥലംമാറിപ്പോകുമ്പോൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ ഫയലുകളും വൗച്ചറുകളും രജിസ്റ്ററുകളും ഓഫീസിൽ ഏൽപ്പിച്ചാണ് പോയിട്ടുള്ളതെന്നും അത് ആഡിറ്റിന് വിധേയമാക്കേണ്ടത് പഞ്ചായത്തിലെ ജീവനക്കാരായിരുന്നുവെന്നും പരിശോധനയ്ക്ക് ഹാജരാക്കിയില്ലെങ്കിൽ അത് തന്റെ കുറ്റമല്ലെന്നും, ടി പദ്ധതി ജില്ലയിൽ പുതിയതായിരുന്നുവെന്നും അതിനാൽ നടത്തിപ്പിന് ആദ്യമുണ്ടായ സംശയങ്ങൾ വെട്ടിക്കവല ബി.ഡി.ഒ.യും ജില്ലാ അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസറും അക്രഡിറ്റഡ് എഞ്ചിനീയർക്കും മറ്റുള്ളവർക്കും നിവാരണം നല്കിയിട്ടുണ്ടെന്നും മറ്റു പഞ്ചായത്തുകളിൽ താൻ ഈ ജോലി ഭംഗിയായി ചെയ്തിട്ടുണ്ടെന്നും അതിനാൽ തന്റെ ഭാഗത്തുനിന്ന് മനഃപൂർവ്വമല്ലാത്ത വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അത് മാപ്പാക്കി ശിക്ഷണ നടപടികളിൽനിന്ന് പൂർണ്ണമായി ഒഴിവാക്കണമെന്നും ടിയാൻ തന്റെ പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഷറഫുദ്ദീൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ കാരണം കാണിക്കൽ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള ഗ്രാമവികസന കമ്മീഷണറുടെ 22/3/210 ലെ 23990/MGNREG സെൽ 3/9/LRD നമ്പർ കത്തിൽ പരാധിക്കാധാരമായ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുന്നവയാണെന്നും ഇവയ്ക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടെന്നും സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ അത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ലെന്നും മിക്ക പ്രവൃത്തികൾക്കും മസ്റ്റർ റോളിന് പകരം നോട്ട് ബുക്കിൽ തൊഴിലാളികളെക്കൊണ്ട് ഒപ്പിട്ടുവിക്കുകയായിരുന്നു എന്ന പരാതി സംബന്ധിച്ച് പരിശോധനയിൽ ഗ്രാമവികസന കമ്മീഷണറുടെ കത്തിൽ പരാമർശിക്കുന്ന ഐത്തല ഏലാഭാഗം മണ്ണ് സംരക്ഷണം, പനവിളഭാഗം മണ്ണ് സംരക്ഷണം, പറക്കോട് ഏലാ സംരക്ഷണം, വലിയവീട്-പറങ്കിമാം വിള വെള്ളക്കെട്ട് നിർമ്മാർജ്ജനം എന്നീ പ്രവൃത്തികൾക്ക് മസ്റ്റർ റോൾ ഉപയോഗിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും എസ്റ്റിമേറ്റ് എഴുതി സൂക്ഷിച്ച നോട്ട് ബുക്കിലെ ഹാജർപ്രകാരം പേയ്മെന്റ് നല്കുന്നതിനുള്ള ഗ്രാമവികസന കമ്മീഷണറുടെയും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെയും നിർദ്ദേശ പ്രകാരം 11/5/2010-ലാണ് തൊഴിലാളികൾക്ക് കൂലി

നല്കിയിട്ടുള്ളതെന്നും പ്രവൃത്തി തുടങ്ങുന്നതിന് മുമ്പായി തൊഴിലാളികളുടെ വാർഡ്തലയോഗം വിളിച്ച് കൂട്ടി നിർദ്ദേശങ്ങൾ നല്കിയതിന്റെ ഏതെങ്കിലും രേഖകളോ, സൈറ്റ് ഡയറിയോ ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണാൻ കഴിഞ്ഞിട്ടില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. ഷറഫുദ്ദീൻ 26/5/08 മുതൽ 20/6/09 വരെയാണ് മൈലം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിട്ടുള്ളതെന്നും പ്രസ്തുത കാലയളവിലെ MGNRGS ഫയലുകൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടിട്ടും പൂർണ്ണമായി ഹാജരാക്കാത്തതിനാൽ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായാണോ പ്രവൃത്തികൾ നടന്നിട്ടുള്ളതെന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ അന്ന് ജോലി ചെയ്തിരുന്നവർ പ്രസ്തുത ചുമതലകളിൽനിന്ന് പിരിഞ്ഞ് പോയിട്ടുള്ളതാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീ. ഷറഫുദ്ദീൻ സമർപ്പിച്ച എതിർവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. ഷറഫുദ്ദീൻ 31/10/2010 ൽ സേവനത്തിൽനിന്ന് വിരമിച്ചു. ടിയാൻ സേവനത്തിൽനിന്ന് വിരമിച്ചിട്ട് ഏകദേശം 6 വർഷം കഴിഞ്ഞു. ടിയാനു പുറമെ അക്കാലത്തെ ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവരും കുറ്റക്കാരാണെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും നിലവിൽ ടിയാളുകൾ ജോലിയിൽനിന്ന് പിരിഞ്ഞ് പോയിട്ടുള്ളതിനാൽ ഇവർക്കെതിരെ നടപടികൾ സാധ്യമല്ല. ഈ സാഹചര്യത്തിൽ മൈലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ഷറഫുദ്ദീനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിയും തുടർനടപടികളിൽ നിന്ന് ടിയാനെ ഒഴിവാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**റ്റി.പി. വിജയകുമാർ**
സ്പെഷ്യൽ സെക്രട്ടറി

1. ശ്രീ. എം. ഷറഫുദ്ദീൻ, മുൻ സെക്രട്ടറി, മൈലം ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.43515/ഇപിബി2/2010/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ